**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4253** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ പാം ട്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഓപ്പറേഷൻ പാം ട്രീ എന്ന പേരിൽ ജി.എസ്.ടി. വകുപ്പ് നടപ്പിലാക്കിയ പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെൻറ് വിഭാഗങ്ങൾ നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി വിവിധ മേഖലകളിൽ പരിശോധനകൾ നടത്തിവരുന്നു. അത്തരത്തിൽ ആക്രി കച്ചവടത്തിന്റെ മറവിൽ നടത്തിയ വെട്ടിപ്പ് കണ്ടെത്താൻ നടത്തിയ പരിശോധനയാണ് ഓപ്പറേഷൻ "പാം ട്രീ". അതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 73 സ്ഥലങ്ങളിലായി സെർച്ച് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായ നികുതി വെട്ടിപ്പ് കണ്ടെത്തുകയും തുടർന്ന് അറസ്റ്റ് ഉൾപ്പടെയുള്ള നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 148 വ്യാജ രജിസ്ട്രേഷനുകളാണ് ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെൻറ് വിഭാഗം സംസ്ഥാനത്തുടനീളം കണ്ടെത്തിയത്. നികുതി വെട്ടിപ്പിന്റെ വിശദമായ അന്വേഷണങ്ങളും തുടർന്നുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സർക്കാരിന് എത്ര രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു |
| (സി) | പദ്ധതി പ്രകാരം 2022, 2023, 2024 കാലയളവിൽ നടത്തിയ അന്വേഷണങ്ങളെ കുറിച്ച് വിശദമാക്കുമോ? | (സി) | ആക്രി കച്ചവടത്തിന്റെ മറവിൽ നടത്തിയ തട്ടിപ്പ് സംബന്ധിച്ച പരിശോധനയാണ് വകുപ്പ് 2024 കാലയളവിൽ നടത്തിയ ഓപ്പറേഷൻ "പാം ട്രീ". അതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 73 സ്ഥലങ്ങളിലായി സെർച്ച് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായ നികുതി വെട്ടിപ്പ് കണ്ടെത്തുകയും തുടർന്ന് അറസ്റ്റ് ഉൾപ്പടെയുള്ള നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നികുതി വെട്ടിപ്പിന്റെ വിശദമായ അന്വേഷണങ്ങളും തുടർന്നുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ